## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1284** 07.06.2018- ൽ മറുപടിക്ക്

**<u>കൊട്ടുവായൂർ - പല്ലാവൂർ - വിത്തനശ്ശേരി റോഡ്</u>**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ. കെ.ബാബു** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പൊതുമരാമത്ത് റോഡുകളുടെ പ്രവൃത്തിയാണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കുമോ;

(ബി) കൊട്ടുവായൂർ-പല്ലാവൂർ-വിത്തനശ്ശേരി റോഡിന്റെ പണി നാളിതുവരെ തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) ഈ റോഡിന്റെ പണി തുടങ്ങുന്നതിനുള്ള തടസ്സം എന്താണെന്നും നിലവിലുള്ള തടസ്സങ്ങൾ നീക്കി റോഡ് പണി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിലെ ചുവടെ ചേർത്തിരിക്കുന്ന രണ്ട് റോഡുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. പുതുനഗരം - കൊല്ലങ്കോട് റോഡ് കി.മീ 5/250 മുതൽ 7/250 വരെ
2. വടക്കഞ്ചേരി - പൊള്ളാച്ചി റോഡ് കി.മീ 25/000 മുതൽ 29/890 വരെയും കി.മീ 32/080 മുതൽ 38/212 വരെയും അഭിവൃദ്ധിപ്പെടുത്തൽ

(ബി) യും (സി) യും കൊട്ടുവായൂർ - പല്ലാവൂർ - വിത്തനശ്ശേരി റോഡ് കി.മീ 0/000 മുതൽ 5/000 വരെ അഭിവൃദ്ധിപ്പെടുത്തുന്നതിനായുള്ള പ്രവൃത്തി 2016-17 ബഡ്ജറ്റിൽ ഉൾപ്പെടുത്തി 14.02.2017-ലെ സ.ഉ (സാധാ) നം.179/2017/പൊ.മ.വ പ്രകാരം 197 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ടെണ്ടർ നടത്തി 19.07.2017-ൽ കരാർ ഉടമ്പടി നടത്തുകയും പ്രവൃത്തിസ്ഥലം 27.07.2017-ന് കരാറുകാരന് കൈമാറുകയും ചെയ്തു. എന്നാൽ ഈ റോഡിലെ കി.മീ 0/410-നും 0/530-നും ഇടയിലുള്ള ഒരു കയറ്റം വാഹനാപകടങ്ങൾക്ക് ഇടയാക്കുന്നുവെന്ന ജനപ്രതിനിധികളുടെയും സ്ഥലവാസികളുടെയും അഭിപ്രായം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കയറ്റത്തിന്റെ (steep gradient) ഉയരം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾ കൂടി ഉൾക്കൊള്ളിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഭരണാനുമതി തുക വിനിയോഗിച്ച് അഭിവൃദ്ധിപ്പെടുത്തുവാൻ കഴിയുന്ന ദൂരം കി.മീ 0/000 മുതൽ 4/600 വരെയായി ചുരുക്കേണ്ടി വന്നു. അതു പ്രകാരം ടി പ്രവൃത്തിയുടെ scope of work-ൽ മാറ്റം വരുത്തി പ്രവൃത്തി ചെയ്യാവുന്ന ദൂരം കി.മീ 0/000 മുതൽ 4/600 വരെയാക്കുന്നതിനുള്ള ശിപാർശ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ